"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് (കാപ്പക്സ്) തനത് ഫണ്ട് വിനിയോഗിച്ച് GEM Portal മുഖേന രണ്ട് പുതിയ ലോറികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.40/2025/ID　　തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-　1. സ.ഉ. (അച്ചടി) നം. 52/2024/ധന. തീയതി 05/07/2024.

2. കാപ്പക്സ് മാനേജിംഗ് ഡയറക്ടറുടെ 04/12/2024, 20/01/2025 എന്നീ തീയതികളിലെ Capex/Vehicle/2024-25 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്) -ന് 10 കശുവണ്ടി ഫാക്ടറികളാണുള്ളത്. ഇതിൽ രണ്ട് ഫാക്ടറികൾ ആലപ്പുഴ ജില്ലയിലും ഒരു ഫാക്ടറി തിരുവനന്തപുരം ജില്ലയിലും ബാക്കി 7 ഫാക്ടറികൾ കൊല്ലം ജില്ലയിലുമാണ് പ്രവർത്തിക്കുന്നത്. കാപ്പെക്സിന് രണ്ട് ലോറികളാണ് ഉണ്ടായിരുന്നത്. അതിൽ ഒരു ലോറി (KL02 AC 3343 Swaraj Mazda) കേന്ദ്ര/പൊതുമേഖലാ സ്ഥാപനങ്ങളിലെ 15 വർഷം രജിസ്ട്രേഷൻ പൂർത്തീകരിച്ച വാഹനങ്ങൾ സ്ക്രാപ് ആയി വിൽക്കണമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിയമ പ്രകാരം 2023 ഡിസംബർ മാസം നടപടിക്രമങ്ങൾ പാലിച്ച് സ്ക്രാപ് ആയി വിൽക്കുകയുണ്ടായി. നിലവിലുള്ള ലോറി 2025 ജൂലൈ മാസത്തിൽ 15 വർഷം രജിസ്ട്രേഷൻ പൂർത്തീകരിക്കുകയാണ്. കാപ്പെക്സിന്റെ 28/10/2024 തീയതിയിൽ നടന്ന ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പുതിയ രണ്ട് ലോറികൾ വാങ്ങുന്നതിന് പരാമർശ കത്തുകൾ പ്രകാരം കാപ്പക്സ് എം.ഡി സർക്കാരിനോട് അനുമതി തേടിയിരുന്നു.

2) കശുവണ്ടി ഫാക്ടറികളിൽ നിന്നും പ്രോസസ്സിംഗ് കഴിഞ്ഞ് പരിപ്പ് കാപ്പെക്സ് ഹെഡ് ഓഫീസ് പായ്ക്കിംഗ് സെന്ററിലേക്കും, crates, പായ്ക്ക് ചെയ്ത പരിപ്പ് എന്നിവ ഫാക്ടറികളിലേക്കും, പ്രോസസ്സിംഗ് നടക്കുന്ന സാഹചര്യത്തിൽ ചില ഫാക്ടറികളിൽ തോട്ടണ്ടി തികയാതെ വന്നാൽ കൂടുതലുള്ള ഫാക്ടറികളിൽ നിന്നും തോട്ടണ്ടി മറ്റ് ഫാക്ടറികളിലേക്ക് എത്തിക്കുന്നതും ലോറികളിലാണ്. സ്ഥാപനത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ തടസ്സങ്ങളില്ലാതെ നടത്തികൊണ്ട് പോകുന്നതിന് രണ്ട് ലോറികൾ വാങ്ങേണ്ടത് അത്യാവശ്യമാണ്. കാപ്പക്സിന്റെ തനത് ഫണ്ടിൽ നിന്നും സർക്കാരിന്റെ Gem portal മുഖേനയാണ് രണ്ട് പുതിയ ലോറികൾ വാങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി 2 പെർമനെന്റ് ഡ്രൈവർമാർ നിലവിൽ ഉണ്ടെന്നും

കാപ്പക്സ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ യാതൊരുവിധ ധനസഹായവും അനുവദിക്കുന്നതല്ലെന്നും കാപ്പക്സിന്റെ സ്വന്തം ഫണ്ടിൽ നിന്നും പ്രസ്തുത ആവശ്യത്തിനുള്ള തുക കണ്ടെത്തേണ്ടതാണെന്നും സർക്കാരിന്റെ Gem portal മുഖേന മാത്രമേ വാഹനം വാങ്ങാൻ പാടുള്ളൂ എന്ന നിബന്ധനകളോടെ, മേൽ പരാമർശ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ Mahindra Built-Up Trucks Container (Mahindra Furio 11 T, 17.5 ft container, Pay load Capacity 6-248 Tonne) സ്പെസിഫിക്കേഷനിലുള്ള രണ്ട് പുതിയ ലോറികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്, കൊല്ലം.
ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ,/ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ (പി.യു.-ഡി) വകുപ്പ്. (No. 3065080/PU-D3/25/2025-Fin Dtd 20/03/2025).
പൊതുഭരണ (എസ്.സി) വകുപ്പ് (ബഹു. മന്ത്രിസഭയുടെ തീയതിയിലെ ഇനം നം. പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ2/143/2024/വ്യവ.)

ഉത്തരവിൻ പ്രകാരം
Signed by
Simi Jose V
Date: 12-05-2025 11:35:42

**പകർപ്പ്:-** ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ -യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-05-2025**

ഫയൽ നം. വ്യവ-കെ2/143/2024/വ്യവ. ഇനം നം: 2927

വിഷയം : വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്) തനത് ഫണ്ട് വിനിയോഗിച്ച് രണ്ട് പുതിയ ലോറികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

2927

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. വ്യവ-കെ2/143/2024-വ്യവ |
| 2 | വകുപ്പ് | | വ്യവസായ (കെ ) വകുപ്പ് |
| 3 | വിഷയം | : | കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്) തനത് ഫണ്ട് വിനിയോഗിച്ച് രണ്ട് പുതിയ ലോറികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.04.2025 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സിജു ജേക്കബ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പെക്സ്) -ന്റെ ഉപയോഗത്തിനായി തനത് ഫണ്ട് വിനിയോഗിച്ച് രണ്ട് പുതിയ ലോറികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കശുവണ്ടി വ്യവസായത്തിലെ അപ്പെക്സ് സഹകരണ സൊസൈറ്റിയായ കാപ്പെക്സിന്റെ കീഴിൽ 10 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഇതിൽ രണ്ട് ഫാക്ടറികൾ ആലപ്പുഴ ജില്ലയിലും ഒരു ഫാക്ടറി തിരുവനന്തപുരം ജില്ലയിലും ബാക്കി 7 ഫാക്ടറികൾ കൊല്ലം ജില്ലയിലുമാണ് പ്രവർത്തിക്കുന്നത്. കാപ്പെക്സിന്റെ ഉടമസ്ഥതയിൽ രണ്ട് ലോറികളാണ് ഉണ്ടായിരുന്നത്. അതിൽ ഒരു ലോറി (KL02 AC 3343 Swaraj Mazda) കേന്ദ്ര/പൊതുമേഖലാ സ്ഥാപനങ്ങളിലെ 15 വർഷം രജിസ്ട്രേഷൻ കാലയളവ് പൂർത്തീകരിച്ച വാഹനങ്ങൾ സ്ക്രാപ് ആയി വിൽക്കണമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിയമ പ്രകാരം 2023 ഡിസംബർ മാസം നടപടിക്രമങ്ങൾ പാലിച്ച് സ്ക്രാപ് ആയി വിൽക്കുകയുണ്ടായി. നിലവിലുള്ള ലോറി 2025 ജൂലൈ മാസത്തിൽ 15 വർഷം രജിസ്ട്രേഷൻ കാലയളവ് പൂർത്തീകരിക്കുന്നതാണ്. 28/10/2024 തീയതിയിൽ നടന്ന കാപ്പെക്സിന്റെ ബോർഡ് യോഗത്തിൽ ടി ലോറി വിൽക്കുന്നതിനും, പുതിയ രണ്ട് ലോറികൾ വാങ്ങുന്നതിനുള്ള സർക്കാർ അനുമതി നേടുന്നതിനുള്ള തീരുമാനമെടുത്തു.

3) കശുവണ്ടി ഫാക്ടറികളിൽ നിന്നും പ്രോസസ്സിംഗ് കഴിഞ്ഞ് പരിപ്പ് കാപ്പെക്സ് ഹെഡ് ഓഫീസ് പാക്കിംഗ് സെന്ററിലേക്കും, crates, പാക്ക് ചെയ്ത പരിപ്പ് എന്നിവ ഫാക്ടറികളിലേക്കും, പ്രോസസ്സിംഗ് നടക്കുന്ന സാഹചര്യത്തിൽ ചില ഫാക്ടറികളിൽ തോട്ടണ്ടി തികയാതെ വന്നാൽ കൂടുതലുള്ള ഫാക്ടറികളിൽ നിന്നും തോട്ടണ്ടി മറ്റ് ഫാക്ടറികളിലേക്ക് എത്തിക്കുന്നതും ലോറികളിലാണ്. തിരുവനന്തപുരം PWD Mechanical Sub division -ൽ നിന്നും നിലവിലുള്ള ലോറിയ്ക്ക് Valuation ഇടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരികയാണ്. ദൈനംദിന പ്രവർത്തനങ്ങൾ തടസ്സങ്ങളില്ലാതെ നടത്തികൊണ്ട് പോകുന്നതിന് രണ്ട് ലോറികൾ സ്ഥാപനത്തിന് അത്യാവശ്യമാണ്.

4) തനത് ഫണ്ടിൽ നിന്നാണ് 2 പുതിയ ലോറികൾ വാങ്ങാൻ കാപ്പെക്സ് ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ Gem portal മുഖേന Mahindra Built-Up Trucks Container (Mahindra Furio 11 T, 17.5 ft container, Pay load Capacity 6-248 (Tonne) -ന്റെ വില ₹ 23,50,000/- രൂപയാണ്. ഈ തുക കൂടാതെ വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ്, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്ക് വേറെയും തുക ആവശ്യമാണ്. കാപ്പെക്സ് വാങ്ങാൻ ഉദ്ദേശിക്കുന്ന രണ്ട് ലോറികളിലേക്ക് 2 പെർമനെന്റ് ഡ്രൈവർമാർ നിലവിൽ ഉണ്ട്.

5) കാപ്പെക്സിന്റെ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് നൽകിയപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കി:

*"ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന അടിയന്തര സാഹചര്യം പരിഗണിച്ച്, സർക്കാർ യാതൊരുവിധ ധനസഹായവും അനുവദിക്കുന്നതല്ല എന്നും, കാപ്പെക്സിന്റെ സ്വന്തം ഫണ്ടിൽ*

*നിന്നും ഈ ആവശ്യത്തിനുള്ള തുക കണ്ടെത്തേണ്ടതാണെന്നും സർക്കാരിന്റെ Gem portal മുഖേന മാത്രമേ വാഹനം വാങ്ങാൻ പാടുള്ളൂ എന്ന നിബന്ധനയോടെയും 2 പുതിയ ലോറികൾ വാങ്ങുന്നതിന് 05.07.2024 ലെ ജി ഒ (പി) 52/2024/ധന നമ്പർ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ധന വകുപ്പ് അനുമതി നൽകുന്നു.*

*പ്രസ്തുത പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.*

*ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്".*

6) തുടർന്ന്, കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പെക്സ്) -ൽ തനത് ഫണ്ട് വിനിയോഗിച്ച് രണ്ട് പുതിയ ലോറികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട വിഷയം**

കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പെക്സ്) -ന്റെ ഉപയോഗത്തിനായി തനത് ഫണ്ട് വിനിയോഗിച്ച് രണ്ട് Mahindra Built-up Trucks Container (Mahindra Furio 11T, 17.5 ft container, Pay load capacity 6-248 Tonne) സ്പെസിഫിക്കേഷനിലുള്ള ലോറികൾ, ധനകാര്യ വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡപ്രകാരം ജെംപോർട്ടൽ മുഖേന വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണോ?

**GOVERNMENT OF KERALA**

**SHRI PINARAYI VIJAYAN MINISTRY**

**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No. | : IND-K2/143/2024-IND |
| 2 | Department. | : INDUSTRIES (K) DEPARTMENT |
| 3 | Subject | :Request for Government permission to purchase two new Lorries in Kerala State Cashew Workers Apex Industrial Co-operative Society Ltd (CAPEX) by utilizing own fund - Reg. |
| 4 | Date of Chief Ministers' order for placing before the Council | 15.04.2025 |
| 5 | (i) Does the case involve financial commitments/implications. | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | No<br>No |
| 7 | Name of Joint Secretary who submitted the Draft Note | Shri. Siju Jacob |
| 8 | Name of Additional Chief Secretary who approved the Draft Note | Shri. K.R.Jyothilal |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 22.04.2025 |
| 10 | Name of Chief Secretary who approved the Draft Note | Smt. Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 26.04.2025 |
| 12 | Name of Minister who approved the Draft Note | Shri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister concerned | 26.04.2025 |
| 14 | Date of Submission of Fair Copies | 28.04.2025 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O / Letter communicating the decision | |

## NOTE FOR THE COUNCIL OF MINISTERS

This note pertains to the request for Government permission to purchase two new lorries for the use of Kerala State Cashew Workers Apex Industrial Co-operative Society Ltd (CAPEX) by utilizing own fund.

2. CAPEX is an Apex Co-operative Society in Cashew Industry head quartered at Kollam under which ten cashew factories are currently functioning. Among them, Two factories are located in Alappuzha District, One in Thiruvananthapuram District and the rest Seven are operating in Kollam District. CAPEX had two Lorries for its use. One among them (KL02 AC 3343 Swaraj Mazda) was sold as scrap in December 2023 in line with the Central Government's regulation of putting to scrap of old vehicles owned by Central/Public Sector Undertakings on completion of 15 years of registration. The other vehicle will complete its 15 years of registration in July 2025. CAPEX Director Board meeting held on 28.10.2024 decided to sell this vehicle before completing 15 years after following due procedures and to request permission from Government to buy two new Lorries for its operation.

3. The Lorries are used for the transportation of processed cashew products from factories to packing centre. crates and packed kernels to factories and also for supply of raw cashew nuts across factories on demand to meet any shortage. The necessary procedures for getting the valuation of the existing vehicle is progressing at Office of PWD Mechanical Sub division, Thiruvananthapuram. Therefore, possession of two lorries are essential for the uninterrupted day-to-day functioning of cashew factories under CAPEX.

4. CAPEX intends to purchase the two new vehicles by utilizing its own fund. The cost of one vehicle, Mahindra Built-Up Trucks Container with specification Furio 11 T, 17.5 ft container, Pay load Capacity 6-248 (Tonne) is ₹ 23,50,000/- through Gem portal. In addition to this amount, additional expense in terms of Vehicle Tax, Insurance, Registration Fees are also to be met. CAPEX currently has two permanent drivers for the operation of these two new vehicles.

5. When the proposal of CAPEX was forwarded to Finance Department, that Department

offered the following remarks:

"ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന അടിയന്തര സാഹചര്യം പരിഗണിച്ച്, സർക്കാർ യാതൊരുവിധ ധനസഹായവും അനുവദിക്കുന്നതല്ല എന്നും, കാപ്പക്സിന്റെ സ്വന്തം ഫണ്ടിൽ നിന്നും ഈ ആവശ്യത്തിനുള്ള തുക കണ്ടെത്തേണ്ടതാണെന്നും സർക്കാരിന്റെ Gem portal മുഖേന മാത്രമേ വാഹനം വാങ്ങാൻ പാടുള്ളൂ എന്ന നിബന്ധനയോടെയും 2 പുതിയ ലോറികൾ വാങ്ങുന്നതിന് 05.07.2024 ലെ ജി ഒ (പി) 52/2024/ധന നമ്പർ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ധന വകുപ്പ് അനുമതി നൽകുന്നു.

പ്രസ്തുത പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്".

6. In furtherance, when the file was circulated for orders as to whether permission may be granted to CAPEX to purchase two new lorries by utilizing own fund, the Hon'ble Chief Minister ordered to place the matter before the Council of Ministers.

**Point for Decision**

Whether permission may be granted to CAPEX to purchase two new Mahindra Built-up Trucks Container (Mahindra Furio 11T, 17.5 ft container, Pay load capacity 6-248 Tonne) lorries through Gem Portal by utilizing their own fund, subject to the conditions prescribed by Finance Department?